ഉത്തരം

(എ) ഉണ്ട്.

(ബി) 16 ഗ്രാമങ്ങൾ ഉൾപ്പെട്ട രണ്ട് താലൂക്കുകളാണ് അഞ്ചൽ സെയിൽസ് ടാക്സ് ഓഫീസിന്റെ പരിധിയിൽ വരുന്നത്. കടയ്ക്കലിൽ നിന്നും ഇരുപതു കിലോമീറ്റർ ദൂരം മാത്രമേ അഞ്ചൽ ഓഫീസിലേക്കുള്ളു. അഞ്ചൽ ഓഫീസിന്റെ പരിധിയിലുള്ള പ്രദേശത്തിന് വ്യാപ്തി കൂടുതലാണെങ്കിലും വ്യാപാരികളുടെ എണ്ണം വളരെ കുറവാണ്. ഒരു പുതിയ ഓഫീസ് തുറക്കുന്നത് സർക്കാരിന് അധിക ചെലവ് ഉണ്ടാക്കുകയും ചെയ്യും. 1-4-05 മുതൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുന്നതോടെ വ്യാപാരികൾക്ക് ലളിതവും സുതാര്യവുമായ നടപടികളിലൂടെ നികുതി സംബന്ധമായ കാര്യങ്ങൾ തീർപ്പാക്കാൻ സാധിക്കുമെന്നതുകൊണ്ട് ബുദ്ധിമുട്ടുകൾ ഒഴിവായി കിട്ടുന്നതാണ്. ആയതിനാൽ കടയ്ക്കലിൽ ഒരു സെയിൽസ് ടാക്സ് ഓഫീസ് തുടങ്ങേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. .

പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നുള്ള നികുതി വരുമാനം

5 (966) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ഏതു രീതിയിലുള്ള വ്യതിയാനമാണ് വരുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പെട്രോളിയം ഉൽപന്നങ്ങളുടെ വില്പന നികുതി, പ്രവേശന നികുതി തുടങ്ങിയ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച മൊത്തം നികുതി വരുമാനം എത്ര കോടി രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എത്ര തവണ വില വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റവും ഒടുവിലത്തെ വില വർദ്ധനവ് ഉൾപ്പെടെ ഓരോ വില വർദ്ധനവിലൂടെയും സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി വരുമാനം എത്ര വീതമാണെന്നും ശതമാന കണക്കിൽ അത് എത്രയെണെന്നും വ്യക്തമാക്കാമോ;

(ഇ) മുൻവർഷത്തെ അപേക്ഷിച്ച് ഇപ്പോഴത്തെ വില വർദ്ധനവിലൂടെ തന്നാണ്ടിൽ എത്ര തുക അധികം ലഭിക്കുമെന്നാണ് കരുതുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെട്രോളിയം ഉൽപന്നങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവുമൂലം സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ചുമത്തുന്ന നികുതി നിരക്കുകൾ കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തികവർഷത്തിൽ 1%-ൽ താഴെ വർദ്ധനവാണ് വരുത്തുന്നത്.

(ബി) മൊത്തം വരുമാനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

2001-2002-ൽ	1267.60 കോടി രൂപ
2002-2003-ൽ	1474.81 കോടി രൂപ
2003-2004-ൽ	1625.06 കോടി രൂപ
2004-2005-ൽ	1210.32 കോടി രൂപ
	(ഡിസംബർ വരെ)

ഇനം തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പെട്രോളിന് 20 തവണയും, ഡീസലിന് 21 തവണയും ലിക്വിഫൈഡ് പെട്രോളിയം ഗ്യാസിന് 5 തവണയും വില വർദ്ധനവുണ്ടായി.

(ഡി) പല വർദ്ധനവും മാസത്തിലെ ഒന്നാം തീയതിയല്ല നടപ്പാക്കുന്നത്. ആയതുകൊണ്ട് ഓരോ വിലവർദ്ധനവിലും എത്ര തുക അധികവരുമാനം ലഭിച്ചുവെന്ന് കണക്കാക്കുക എളുപ്പമല്ല. ഓയിൽ കമ്പനികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകളിൽ അതാതു മാസത്തെ മൊത്ത വിൽപ്പന നികുതി വരുമാനമാണ് കാണിക്കുന്നത്. നികുതി വരുമാനം വർദ്ധിക്കുന്നത് ഉൽപന്നത്തിന്റെ അധിക ഉപയോഗവും വിലവർദ്ധനയും മൂലമാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) പ്രവേശന നികുതി/അഡീഷണൽ സെയിൽസ് ടാക്സ് ഉൾപ്പെടെ താഴെപ്പറയും പ്രകാരം ചുമത്തുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഇനം	വില്പനനികുതി നിരക്ക്	പ്രവേശന നികുതി നിരക്ക്
1	ഹൈസ്പീഡ് ഡീസൽ	24%	24%
2	മണ്ണെണ്ണ	24%	27.6%
3	മോട്ടോർ സ്പിരിറ്റ്, ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെടുന്നതും പെട്രോൾ ഏവിയേഷൻ ടർബൈൻ ഫ്യൂവൽ, ഹൈസ്പീഡ് ഡീസൽ ഓയിൽ എന്നിവ ഉൾപ്പെടാത്തതും	41%	47.15%
4	നാഫ്ത്ത	22%	25.3%
5	പെട്രോൾ, നാഫ്ത്ത ഉൾപ്പെടാത്തത്	28%	28%
6	മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾ (വില്പന നികുതി നിയമത്തിലെ മറ്റു പട്ടികയിൽ ഉൾപ്പെടുന്നവ)	30%	34.5%
7	ഏവിയേഷൻ ടർബൈൻഫ്യൂവൽ	34%	39.10%
8	ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്	16%	16%
9	ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക്ഫ്ലൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ, മറ്റ് കൂളിംഗ് ഓയിൽ	24%	27.6%

(ജി) തൽക്കാലം പരിഗണനയിലില്ല.

ഭക്ഷ്യധാന്യങ്ങൾക്കുമേൽ ചുമത്തുന്ന നികുതി ഉപേക്ഷിക്കാൻ നടപടി

6 (968) ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾക്ക് നികുതി ചുമത്തുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുതയിനത്തിൽ കഴിഞ്ഞ വർഷം എന്തു തുക പിരിഞ്ഞു കിട്ടി;

(ഡി) ഭക്ഷ്യധാന്യങ്ങളുടെമേൽ ചുമത്തുന്ന നികുതി വേണ്ടെന്ന് വയ്ക്കാനുദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly